കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കോടംതുരുത്ത് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

നം.കെ.എസ്.എ-എ.എൽ.പി-പി12-725/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ ജില്ല

തീയതി. 20.06.2017

ഇമെയിൽ – ddhglfalpy@gmail.com

ഫോൺ – 0477 2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കോടംതുരുത്ത് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കോടംതുരുത്ത് ഗ്രാമപഞ്ചായത്ത്- 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോടംതുരുത്ത് ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-എ.എൽ.പി-പി12- 725/2017 തീയതി. 20.06.2017

## ആലപ്പുഴ ജില്ലയിലെ കോടംതുരുത്ത് ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ കോടംതുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 15.11.2016 മുതൽ 31.05.2017വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചിട്ടുണ്ട്. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 8 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | സി.വൈ. സലിം, ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 05.06.2017 മുതൽ 14.06.2017 വരെ | ശ്രീ.ആർ.രാജീവ്, ഓഡിറ്റ് ഓഫീസർ( ഹ.ഗ്രേ)<br>ശ്രീ. പുഷ്പരാജ്.വി.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി.രഞ്ജു പ്രകാശ്, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

1.പ്രസിഡന്റ്

| | | |
|---|---|---|
| 1. | ശ്രീമതി. സൂസൻ സെബാസ്റ്റ്യൻ | 01.04.2016 മുതൽ 31.03.2017 വരെ |

2.സെക്രട്ടറി

| | | |
|---|---|---|
| 1 | ശ്രീ.എസ്.വേണുഗോപാൽ | 01.04.2016 മുതൽ 31.05.2016 വരെ |
| 2 | ശ്രീ.എസ്.രാധാകൃഷ്ണകമ്മത്ത് | 01.06.2016 മുതൽ 15.11.2016 വരെ |
| 3 | ശ്രീമതി.വി.ലതികാദേവി | 16.11.2016 മുതൽ 31.03.2017 വരെ |

3.സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ

| | | | |
|---|---|---|---|
| 1 | ധനകാര്യം | ശ്രീ.പി.പി.മധു | 01.04.2016 മുതൽ 31.03.2017 വരെ |
| 2 | വികസനകാര്യം | ശ്രീമതി.ലിൻസി ജോസഫ് | 01.04.2016 മുതൽ 31.03.2017 വരെ |
| 3 | ക്ഷേമകാര്യം | ശ്രീമതി.പാർവതി രതീഷ് | 01.04.2016 മുതൽ 31.03.2017 വരെ |
| 4 | ആരോഗ്യകാര്യം<br>വിദ്യാഭ്യാസകാര്യം | ശ്രീമതി.ബേബി ടീച്ചർ | 01.04.2016 മുതൽ 31.03.2017 വരെ |

4.മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.സിന്ധു.പി.ജോസഫ് | 01.04.2015 മുതൽ 11.11.2016 വരെ |
| | ശ്രീ.സുനിൽ | 12.11.2016 മുതൽ 18.11.2016 വരെ |
| | ശ്രീ.എസ്.മണിലാൽ | 19.11.2016 മുതൽ 20.11.2016 വരെ |
| | ശ്രീമതി.സൂസമ്മ | 20.11.2016 മുതൽ 27.01.2017 വരെ |
| | ശ്രീ.ഹിമ സ്റ്റീഫൻസൺ | 28.01.2017 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ, അലോപ്പതി | ശ്രീ.രഞ്ജിത്ത് മോനായി | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ശ്രീ.സുരേഷ്.കെ.എസ് | 01.04.2016 മുതൽ 31.03.2017 വരെ |
| വെറ്റിനറി സർജൻ | ശ്രീമതി.സീന.ടി.എക്സ് | 01.04.2016 മുതൽ 31.03.2017 വരെ |
| ഐ.സി.ഡി.എസ് .സൂപ്പർവൈസർ | ശ്രീമതി.ജയശ്രീ.ടി.പി | 01.04.2016മുതൽ 25.07.2016 വരെ |
| | ശ്രീമതി.സന്ധ്യ.എസ് | 26.07.2016 മുതൽ 31.03.2017 വരെ |
| പ്രധാനാധ്യാപിക, യു.പി.എസ്. | ശ്രീമതി.റോസമ്മ | 01.04.2016 മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.റേച്ചൽ ബഞ്ചമിൻ | 01.04.2016 മുതൽ 31.03.2017 വരെ |
| വില്ലേജ് എക്സ് റ്റെൻഷൻ ഓഫീസർ, കോടംതുരുത്ത് | ശ്രീ.സാംസൺ.എസ് | 01.04.2016 മുതൽ 31.03.2017 വരെ |
| വില്ലേജ് എക്സ് റ്റെൻഷൻ ഓഫീസർ, വല്ലേത്തോട് | ശ്രീമതി.സെയ്ഫുന്നിസ | 01.04.2016 മുതൽ 31.03.2017 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.തോമസ്.റ്റി.എക്സ് | 01.04.2016 മുതൽ 31.03.2017 വരെ |

ഉള്ളടക്കം

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ഇനം |
|---|---|---|
| ഭാഗം – 1 | | |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക. |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. |
| 4 | 1-4 | സാമ്പത്തിക വിശകലനം |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം |
| 7 | 1-7 | തനത് വരുമാനം. |
| 8 | 1-8 | ക്ഷേമപദ്ധതികൾ |
| 9 | 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 10 | 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| | ഭാഗം.2 | |
| 11 | 2-1 | വസ്തുനികുതി പൂർണ്ണമായും ഈടാക്കുന്നില്ല - വരുമാന നഷ്ടം |
| 12 | 2-2 | തൊഴിൽ നികുതി -പൂർണ്ണമായും ഈടാക്കിയിട്ടില്ല |
| 13 | 2-3 | കുറഞ്ഞ വാടക നിരക്ക് - തനത് വരുമാനനഷ്ടം |
| 14 | 2-4 | പരസ്യനികുതി പിരിയ്ക്കുന്നില്ല – വരുമാന നഷ്ടം |
| 15 | 2-5 | കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല |
| ഭാഗം – 3 | | |
| 16 | 3-1 | കോടന്തുരുത്ത് വി.ഇ.ഒ, പഞ്ചായത്ത് ഓഫീസ് എന്നിവിടങ്ങളിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ -കുറഞ്ഞ ടെണ്ടർ അംഗീകരിക്കാതിരുന്നതു മൂലം നഷ്ടം. |
| 17 | 3-2 | ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ -മരുന്ന് ലഭിച്ചിട്ടില്ലാത്തതിനാൽ ചെലവ് അംഗീകരിക്കുന്നില്ല. |
| 18 | 3-3 | മെഡിക്കൽ ഓഫീസർ നിർവ്വഹിച്ച പദ്ധതികൾ- ന്യൂനതകൾ സംബന്ധിച്ച്. |
| 19 | 3-4 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല- ചെലവ് തടസ്സപ്പെടുത്തുന്നു. |
| 20 | 3-5 | തെരുവ് വിളക്ക് മെയിൻ നീട്ടൽ -പദ്ധതി പൂർത്തീകരിച്ചില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു. |
| 21 | 3-6 | സോഷ്യൽ സെക്യൂരിറ്റി മിഷന് വിഹിതം-ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. |
| 22 | 3-7 | അംഗൻവാടികൾ വൈദ്യുതീകരണം- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല-തുക തടസ്സപ്പെടുത്തുന്നു |

| | | |
|---|---|---|
| 23 | 3-8 | ഗ്രാമപഞ്ചായത്ത് ഫ്രണ്ട് ഓഫീസിന് കുടിവെള്ള കണക്ഷൻ- പദ്ധതി പൂർത്തീകരിച്ചില്ല. |
| 24 | 3-9 | ഭവനപുനരുദ്ധാരണം -സബ്സിഡി മാർഗ്ഗരേഖയിലെ നിബന്ധന പാലിച്ചില്ല |
| 25 | 3-10 | ഗാർഹിക കുടിവെള്ള കണക്ഷൻ കുടിവെള്ള കണക്ഷൻ - രേഖകൾ ഇല്ലാതെ സബ്സിഡി നല്കി |
| 26 | 3-11 | ഭൂരഹിതർക്ക് സ്ഥലം വാങ്ങുന്നതിന് ധനസഹായം - പഞ്ചായത്തിലെ സ്ഥിരം താമസം അല്ലാത്ത വ്യക്തിക്ക് ആനുകൂല്യം നല്കി - ചെലവ് നിരാകരിക്കുന്നു |
| 27 | 3-12 | ടാറിന്റെ വില അധികം നല്കി- തുക |
| 28 | 3-13 | കോടന്നൂരുത്ത് പി.എച്ച്.സി. പുനരുദ്ധാരണം- വാതിലിന്റെ അളവ് കുറവ് ചെയ്തില്ല നഷ്ടം. |
| 29 | 3-14 | പതിനഞ്ചാം വാർഡിൽ നീലേകാട്ടുതറ നടപ്പാത നിർമാണം- അളവെടുത്തതിൽ ന്യൂനത-3852/- രൂപയുടെ നഷ്ടം |
| 30 | 3-15 | നാലാം വാർഡിൽ നാനാതറ നടപ്പാത കോൺക്രീറ്റിംഗ്- അധിക നിരക്ക് അനുവദിച്ചത് സംബന്ധിച്ച്. |
| 31 | 3-16 | തൊഴിലുറപ്പു പദ്ധതി അവലോകനം |
| ഭാഗം – 4 | | |
| 32 | 4-1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം |
| 33 | 4-2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 34 | 4-3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 35 | 4-4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 36 | 4-5 | വായ്പ/ വായ്പ തിരിച്ചടവ് |
| 37 | 4-6 | സ്ഥിരനിക്ഷേപങ്ങൾ |
| 38 | 4-7 | ഓഡിറ്റ് റിക്കവറി |
| 39 | 4-8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. |
| 40 | 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 41 | 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| 42 | അനുബന്ധം | ഓഡിറ്റ് സർട്ടിഫിക്കറ്റ് |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ പുതുക്കിയ ബജറ്റ് 26.03.2016 തീയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 7,90,49,200 | 7,84,42,950 |
| വാർഷിക കണക്ക് പ്രകാരം EFMS മുഖേനയുള്ള NREGS B-fund ചെലവുകൾ ഈ കണക്കിൽ ഉൾപ്പെടുന്നില്ല. | 35207082 | 32989462 |

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.07.17 | 11.05.17 |

വാർഷിക ധനകാര്യപത്രിക സമയബന്ധിതമായി സമർപ്പിച്ചിട്ടുണ്ട്.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കറ്റ് നമ്പർ/തീയതി | സർട്ടിഫിക്കറ്റ് വിവരം |
|---|---|---|
| 2016-17 | സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട് | |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 7265402 |
| വരവ് | 35207082 |
| ആകെ | 42472484 |
| ചെലവ് | 32989462 |
| നീക്കിയിരിപ്പ് | 9483022 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | അലോട്ട്മെന്റ് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 10798646 | 6394789 | 59.22 |

| | | | |
|---|---|---|---|
| വികസനഫണ്ട് എസ്.സി.പി. | 7087407 | 4702192 | 66.35 |
| വികസനഫണ്ട് ടി.എസ്.പി. | 71715 | 54400 | 75.86 |
| സംരക്ഷണഗ്രാന്റ് റോഡ് | 2868591 | 2556828 | 89.13 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 1173864 | 445960 | 37.99 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 6055930 | 3501148 | 57.81 |
| പെർഫോമൻസ് ഗ്രാന്റ് | 1413166 | 569799 | 40.32 |
| ബി ഫണ്ട് | 30140845 | 30140845 | 100 |
| എം.എൻ.ആർ.ഇ.ജി.എസ്. | 29548384 | 29361842 | 99.36 |
| | (മുന്നിരിപ്പ് 355555 ഉൾപ്പെടെ) | | (നീക്കിയിരിപ്പ് 186542) |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പൂർണ്ണമായി നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 157 | 42482771 | 47 | 20476725 | 52 | 53 | 30% |

## 1-7 തനത് വരുമാനം.

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് 2016-17 സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 56 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2506463 | 3382329 | 875866 | 34.94 |
| നികുതിയേതര വരവുകൾ | 376277 | 847639 | 471362 | 125.27 |
| മറ്റ് വരവുകൾ | 55224 | 354004 | 298780 | 541 |
| ആകെ | 2937964 | 4583972 | 1645948 | 56 |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 549480 | 343 |
| കർഷകതൊഴിലാളി പെൻഷൻ | 4190530 | 483 |
| വിധവാപെൻഷൻ | 6505170 | 693 |
| വാർദ്ധക്യകാലപെൻഷൻ | 15328330 | 1615 |
| വികലാംഗപെൻഷൻ | 2219185 | 261 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 510000 | 17 |
| 50വയസ്സ കഴിഞ്ഞവർക്കുള്ള അവിവാഹിത പെൻഷൻ | 838150 | 17 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.06.17 1 P.M ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 5929/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15.05.2017 | 04/2017 | ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12.07.2016 | 2011-12 മുതൽ 2015-16 വരെ | 30.09.2016 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതി പൂർണ്ണമായും ഈടാക്കുന്നില്ല - വരുമാന നഷ്ടം

2016-17 വർഷത്തെ വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ, അനധികൃത കെട്ടിട നിർമ്മാണ രജിസ്റ്റർ,അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1)മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കുന്നില്ല

പഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന മൊബൈൽ ടവറുകളുടെ വസ്തുനികുതി 2013-14 വർഷം മുതൽക്കുള്ളത് പിരിച്ചിട്ടില്ല. മൊബൈൽ ടവറുകൾക്ക് 14.01.2011 ലെ സർക്കാർ ഉത്തരവ് നം.19/2011/തസ്വഭവ പ്രകാരം തറ വിസ്തീർണ്ണാടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിലെ മൊബൈൽ ടവറുകൾക്ക് ചതുരശ്ര മീറ്ററിന് 500/- രൂപയാണ് വസ്തുനികുതി നിശ്ചയിച്ചിട്ടുള്ളത്. വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ /കെട്ടിടയുടമയുടെ പേര് | കെട്ടിട നം. | തറവിസ്തീർണ്ണം (ച.മീ.) | വസ്തുനികുതി | ലൈബ്രറി സെസ് |
|---|---|---|---|---|---|
| 1 | വയർലെസ് ടി ടി ഇൻഫോ സർവ്വീസ് | I/5 | 6 | 3000 | 150 |
| 2 | ആന്റണി,തട്ടുങ്കൽ | I/290 | 6 | 3000 | 150 |
| 3 | ഇൻഡസ് പ്രൈവറ്റ് ലിമി. | I/287 | 12 | 4800 | 240 |
| 4 | ഭാരതി ഇൻഫ്രാടെൽ ലിമി. | I/345 | 12 | 5400 | 270 |
| ആകെ | | | | 16200 | 810 |

ടി വിവരം കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.3/9.6.17) സമർപ്പിച്ച മറുപടിയിൽ നോട്ടീസ് നല്കി ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പട്ടികയിൽ സൂചിപ്പിച്ചിരിക്കുന്ന മൊബൈൽ ടവറുകളുടെ 2013-14 മുതൽക്കുള്ള കുടിശിക തുകയായ 68,040/- (വസ്തു നികുതി 64800/- രൂപ ലൈബ്രറി സെസ് 3240/-) രൂപ ഈടാക്കേണ്ടതാണ്.

2)അനധികൃത കെട്ടിടങ്ങളുടെ വസ്തുനികുതി

പഞ്ചായത്ത് രാജ് നിയമം 235എഎ വകുപ്പ് പ്രകാരം (7.10.2009 മുതലുള്ള ഭേദഗതി പ്രകാരം) അനധികൃത കെട്ടിടങ്ങൾ നിർമ്മാണം പൂർത്തിയാക്കുകയോ ഉപയോഗിക്കുകയോ ചെയ്യുന്ന തീയതി മുതൽ കെട്ടിടങ്ങൾ പൊളിച്ചു നീക്കുകയോ ക്രമവത്ക്കരിക്കുകയോ ചെയ്യുന്നതു വരെ നിയമാനുസൃതമായി ചുമത്താവുന്ന വസ്തുനികുതിയും അതോടൊപ്പം 2 മടങ്ങ് പിഴ കൂടി ഈടാക്കേണ്ടതാണ്. കോടംത്തുരുത്ത് ഗ്രാമപഞ്ചായത്തിലെ അനധികൃത കെട്ടിടങ്ങളുടെ രജിസ്റ്റർ പരിശോധിച്ചതിൽ, താഴെ പറയുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി ഇപ്രകാരം ഈടാക്കിയിട്ടില്ല.

| കെട്ടിട നം. | കെട്ടിടയുടമയുടെ പേര് | ഈടാക്കിയ നികുതി | ഈടാക്കേണ്ട നികുതി |
|---|---|---|---|
| V/48A | രാജേന്ദ്രൻ.എം.എൻ, മാവുങ്കൽതറ, എഴുപുന്ന തെക്ക് | ഇല്ല | 348(B.T-110+L.C-6) |
| ആകെ | | | 348 |

ഈടാക്കുവാൻ ബാക്കി നില്ക്കുന്ന കുടിശ്ശിക തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-2 <u>തൊഴിൽ നികുതി -പൂർണ്ണമായും ഈടാക്കിയിട്ടില്ല</u>

2016-17 വർഷത്തെ തൊഴിൽനികുതി ഒടുക്കുന്നതിനായി സ്ഥാപനത്തലവൻ സമർപ്പിച്ച അർദ്ധവാർഷിക വരുമാന പത്രികകൾ, ഡിമാന്റ് രജിസ്റ്റർ, ട്രേഡേഴ്സ് ലിസ്റ്റ് എന്നിവ പരിശോധിച്ചതിൽ, കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

I.കെ.എസ്.ഇ.ബി,കുത്തിയതോട് എന്ന സ്ഥാപനത്തിൽ നിന്നും രണ്ട് അർദ്ധ വർഷങ്ങളിലെ സ്ഥാപനനികുതി ഈടാക്കിയിട്ടില്ല.

II.ഡി ആന്റ് ഒ ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന താഴെ പറയുന്ന വ്യാപാരികളിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| കച്ചവടക്കാരന്റെ പേര്,മേൽവിലാസം | മുൻവർഷം ഈടാക്കിയ നികുതി |
|---|---|
| രാമകൃഷ്ണൻ,പെരികിത്തറ,സ്റ്റേഷനറി | 360 |
| മുഹമ്മദ് കുഞ്ഞ്.കെ.കെ,കവരേഴത്ത്,ലേഡീസ് സ്റ്റോഴ്സ് | 360 |
| സുനിൽ,മുതിട്ടയിൽ,ഫർണ്ണിച്ചർ വ്യാപാരം | 600 |
| ഷിജു വർഗ്ഗീസ് കുരുത്തികളം | 360 |
| അലോഷ്യസ് സിഡ്നി ,കരുമാഞ്ചേരി,പലചരക്ക്കട | 360 |
| സാബു മാനുവൽ, മറ്റമേൽ, ഐസ് പ്ലാന്റ് | 900 |
| വിനോദ്.വി.പി,തെക്കേപ്പുന്നവേലിൽ,പലചരക്ക് കട | 360 |
| പുരുഷോത്തമൻ, മുർത്തിങ്കൽ പറമ്പ് | 360 |

| | |
|---|---|
| | |
| പീർ മുഹമ്മദ് ,സൈമാസ് ഫൂട്ട് വെയർ | 360 |
| കെ.നിയാസ് , കെ.എം.കെ.എന്റർപ്രൈസസ് | 2500 |
| സോമ സുന്ദരം, കൊറ്റപറമ്പിൽ,ബാഗ് നിർമ്മാണം | 360 |
| ഉമാദേവി.കെ.എം, കൊറ്റപറമ്പിൽ,ബാഗ് നിർമ്മാണം | 360 |
| ശ്യാമള, ചാണിച്ചിറ , പലചരക്ക് വ്യാപാരം | 360 |
| ശോഭ വിജയൻ ,അറക്കപറമ്പ്,പീലിങ്ങ് ഷെഡ് | 2500 |
| പ്രശാന്ത്,കൊറ്റൻഗാട്ട് ,പേവിംഗ് ടൈൽ നിർമ്മാണം | 2500 |
| നസീർ.കെ.എം ,സീ ഗിഫ്റ്റ് എന്റർപൈസസ് | 900 |
| ആകെ | 13500 |

ടി സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാതിരുന്നതു മൂലം തൻവർഷം ഉണ്ടായ കുറഞ്ഞ വരുമാനനഷ്ടം 13500/- രൂപയാണ്.

III.C.B.S.E അഫിലിയേഷനുള്ള സ്കൂൾ മാനേജ്മെന്റ്, സ്കൂളുകളിലെ അധ്യാപകർ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് കേന്ദ്ര സർക്കാരോ സംസ്ഥാന സർക്കാരോ സമാന തസ്തികയിലുള്ള ജീവനക്കാർക്ക് നൽകുന്ന ശമ്പളത്തിലും അലവൻസിലും കുറയാത്ത തുക നൽകണമെന്ന് 2009 ലെ C.B.S.E അഫിലിയേഷൻ നിയമാവലിയിലെ റൂൾ 3.3(II) വ്യക്തമാക്കിയിട്ടുണ്ട്. (കേന്ദ്ര സർക്കാരിന്റെ 29.09.2009 ലെ സർക്കുലർ നം.1)എന്നാൽ ഓഡിറ്റിൽ ഹാജരാക്കിയ അർദ്ധ വാർഷിക പത്രികകൾ പരിശോധിച്ചതിൽ, കോടംന്തുരുത്ത് ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അമല പബ്ലിക് സ്കൂൾ, എഴുപുന്ന എന്ന C.B.S.E സ്കൂളുകളിലെ എല്ലാ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിരിക്കുന്നത് കുറഞ്ഞ (180/- രൂപ) നിരക്കിലാണെന്ന് കാണുന്നു.

ടി വിവരങ്ങൾ ചൂണ്ടികാണിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.3/9.6.17) നല്കിയ മറുപടിയിൽ ബാക്കി നില്ക്കുന്ന തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി വിവരം ഓഡിറ്റിൽ ധരിപ്പിക്കേണ്ടതാണ്.

## 2-3 കുറഞ്ഞ വാടക നിരക്ക് - തനത് വരുമാനനഷ്ടം

കോടംന്തുരുത്ത് ഗ്രാമ പഞ്ചായത്തിൽ ദേശീയപാതയോരത്ത് സ്ഥിതി ചെയ്യുന്ന കടമുറികൾ വളരെ കുറഞ്ഞ

വാടക നിരക്കിൽ നല്കുന്നത് മൂലം തനത് ഫണ്ട് വരവ് കുറയുന്നു. പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ 8 കടമുറികളിൽ സിവിൽ സപ്ലൈസ് മാവേലി സ്റ്റോറിന് നല്കിയ 3 കടമുറികൾക്ക് ഒഴികെ മറ്റ് 5 എണ്ണത്തിനും വളരെ കുറഞ്ഞ വാടകയ്ക്കാണ് നല്കിയത്. ആയതിനാൽ ഇവയുടെ വാടക കരാർ പുതുക്കി നിശ്ചയിച്ച് തനത് വരുമാനം വർദ്ധിപ്പിയ്ക്കേണ്ടതാണ്. വിഷയത്തിലേയ്ക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 2-4 പരസ്യനികുതി പിരിയ്ക്കുന്നില്ല – വരുമാന നഷ്ടം

കോടംത്തുരുത്ത് ഗ്രാമ പഞ്ചായത്ത് പരിധിയിൽ ഗ്രാമ പഞ്ചായത്ത് സ്ഥിതി ചെയ്യുന്ന നാഷണൽ ഹൈവേയുടെ തീരത്ത് ധാരാളം പരസ്യബോർഡുകൾ, കമാനങ്ങൾ എന്നിവ സ്ഥാപിക്കപ്പെട്ടിട്ടുണ്ടെങ്കിലും 2016-17 വർഷം പരസ്യനികുതി ഇനത്തിൽ തുകയൊന്നും പിരിച്ചെടുത്തില്ല. കോടംത്തുരുത്ത് ഗ്രാമ പഞ്ചായത്തിൽ നാളിതുവരെ പരസ്യനികുതി ഈടാക്കി യിട്ടില്ലാത്തതിനാൽ ഗ്രാമപഞ്ചായത്തിന് തുടർച്ചയായി വരുമാനം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. ജി.ഒ(പി)128/2002 എൽ.എസ്.ജി.ഡി. തീ.25/07/2002 പ്രകാരം എല്ലാ പഞ്ചായത്തുകളും പരസ്യനികുതി ഈടാക്കണമെന്ന് നിർദ്ദേശിക്കുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.3/9.6.17)മറുപടി ലഭ്യമാക്കിയിട്ടില്ല.

## 2-5 കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല

കേരള ഫിനാൻഷ്യൽ കോഡ് വാല്യം-1 ആർട്ടിക്കിൾ 282 പ്രകാരം മൂന്ന് വർഷത്തിലധികമായി റീഫണ്ട് ചെയ്യപ്പെടാതെ പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്ന നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടേണ്ടതാണെന്ന് പറഞ്ഞിരിക്കുന്നു. എന്നാൽ താഴെപ്പറയുന്ന നിക്ഷേപങ്ങൾ കാലഹരണപ്പെട്ടിട്ടും പഞ്ചായത്തു ഫണ്ടിൽ മുതൽകൂട്ടിയിട്ടില്ല.

| ക്രമ നം. | രസീത് നം/തീയതി | നിക്ഷേപകന്റെ പേര് | തുക | ഇനം |
|---|---|---|---|---|
| 1 | 11201101167 / 21.03.2013 | ഭാരത് ഇലക്ട്രിക്കൽസ് | 1408/- | ഇ.എം.ഡി |
| 2 | 11201101369 / 21.03.2013 | പ്രകാശൻ.കെ.കെ | 16994/- | ഇ.എം.ഡി |
| 3 | 11301103274 / 21.03.2013 | വിൻടെക് സിസ്റ്റംസ് | 8750/- | ഇ.എം.ഡി |
| | ആകെ | | 27152/- | |

നിയമാനുസൃത കാലാവധി പൂർത്തിയായിട്ടും റീഫണ്ട് ചെയ്യപ്പെടാതെ പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്ന നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പഞ്ചായത്ത് ഓഫീസ്, വി.ഇ.ഒ ഓഫീസ് എന്നിവിടങ്ങളിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ -കുറഞ്ഞ ടെണ്ടർ അംഗീകരിക്കാതിരുന്നതു മൂലം നഷ്ടം.

പ്രോജക്ട് നം.എസ്.175/17

നിർവ്വഹണം: സെക്രട്ടറി

പ്രോജക്ടിന്റെ പേര്: കോടന്തുരുത്ത് വി.ഇ.ഒ, പഞ്ചായത്ത് ഓഫീസ് എന്നിവിടങ്ങളിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ

അടങ്കൽ: വികസന ഫണ്ട് -1,26,000/- രൂപ

ചെലവ്: 1,26,000/- രൂപ (ട്രഷറി ബിൽ നം.48തീയതി.31.03.2017)

കോടന്തുരുത്ത് ഗ്രാമപഞ്ചായത്ത് ഓഫീസ്, വി.ഇ.ഒ ഓഫീസ് എന്നിവിടങ്ങളിലേക്കായി 4 ഡെസ്ക് ടോപ്പ് കമ്പ്യൂട്ടർ വാങ്ങുന്നതിനായാണ് ഈ പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. ഈ പദ്ധതി പ്രകാരം ചേർത്തലയിലുള്ള ആൽഫാനെറ്റ് സിസ്റ്റംസ് എന്ന സ്ഥാപനത്തിൽ നിന്നും 4 ഡെസ്ക് ടോപ്പ് കമ്പ്യൂട്ടർ വാങ്ങിയതിന്റെ വിലയായി 1,26,000/- രൂപ പ്രസ്തുത സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട് 4 സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിച്ചിരുന്നു. ഇതിൽ ഈ പദ്ധതി പ്രകാരം വാങ്ങിയ സ്പെസിഫിക്കേഷനിലുള്ള ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറിന് ഏറ്റവും കുറഞ്ഞ വില രേഖപ്പെടുത്തിയിരുന്നത് ചേർത്തലയിലുള്ള വെലോസിറ്റി എന്ന സ്ഥാപനമാണ്. ഈ സ്ഥാപനം 4 ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകളും 4 യു.പി.എസും(ഫോക്സിൻ എന്ന കമ്പനിയുടെ 600 VA UPS) കൂടി നികുതികൾ ഉൾപ്പെടെ 1,18,600/- രൂപയ്ക്ക് സപ്ലൈ ചെയ്യാൻ ഒരുക്കമാണെന്ന് ടെണ്ടറിൽ രേഖപ്പെടുത്തിയിരുന്നു. ഗ്രാമപഞ്ചായത്തിന് യു.പി.എസ് ആവശ്യമില്ലാത്തതിനാൽ ആയിനത്തിൽ 8796/-രൂപ (ഫോക്സിൻ കമ്പനിയുടെ http://foxin.in/Products/UPS എന്ന വെബ്സൈറ്റിൽ പരിശോധിച്ച പ്പോൾ വെലോസിറ്റി എന്ന സ്ഥാപനം ക്വോട്ട് ചെയ്ത ഉത്പന്നത്തിന് 2199/- രൂപ വില രേഖപ്പെടുത്തിയതായി കണ്ടു) കൂടി കുറവ് ചെയ്ത് 109804/- രൂപയ്ക്ക് ലഭിക്കുമായിരുന്നു. കൂടാതെ ഈ സ്ഥാപനം യു.പി.എസ് ഒഴികെയുള്ള ഉത്പന്നങ്ങൾക്കെല്ലാം തന്നെ 5 വർഷ വാറന്റിയും വാഗ്ദാനം ചെയ്തിരുന്നു. ആൽഫാനെറ്റ് എന്ന സ്ഥാപനം വാറന്റി രേഖപ്പെടുത്തിയിരുന്നില്ല എന്നു മാത്രമല്ല 2 വർഷത്തെ അഡീഷണൽ വാറന്റിക്ക് സിസ്റ്റം ഒന്നിന് 1000/- രൂപ നിരക്കിൽ അധിക ചാർജ്ജും ആവശ്യപ്പെട്ടിട്ടുണ്ട്. 25.03.2017-ൽ കൂടിയ പഞ്ചായത്ത് കമ്മറ്റിയുടെ 2(1)-ാം നമ്പർ തീരുമാന പ്രകാരം ബ്രാന്റഡ് സിസ്റ്റം വേണമെന്ന് കമ്മറ്റി ഐകകണ്ഠേന വിലയിരുത്തുകയും ബ്രാന്റഡ് സിസ്റ്റത്തിൽ ഏറ്റവും കുറവ് വില രേഖപ്പെടുത്തിയ ആൽഫാനെറ്റ് എന്ന സ്ഥാപനത്തിന്റെ കൂടിയ നിരക്കിലുള്ള ടെണ്ടർ അംഗീകരിക്കുകയുമാണുണ്ടായത്. ഒരേ സ്പെസിഫിക്കേഷനിലുള്ള കമ്പ്യൂട്ടർ കുറഞ്ഞ വിലയിൽ വാഗ്ദാനം ചെയ്ത സ്ഥാപനത്തിന്റെ ടെണ്ടർ നിരസിച്ചതു മൂലം ഗ്രാമപഞ്ചായത്തിന് 16196/- രൂപയുടെ അധികച്ചെലവുണ്ടായിട്ടുണ്ട്.

ഇത് സംബന്ധിച്ച് വിശദീകരണം ആരാഞ്ഞു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4 തീയതി 12.06.2017)സമർപ്പിച്ച മറുപടിയിൽ അസംബിൾഡ് സിസ്റ്റം വാങ്ങിയാൽ സിസ്റ്റം സപ്ലൈ ചെയ്ത സ്ഥാപനം പൂട്ടി പോയാൽ കംപ്യൂട്ടറുകൾക്ക് വരുന്ന കേടുപാടുകൾ പരിഹരിക്കാൻ ആരെയും സമീപിക്കാൻ കഴിയാത്ത അവസ്ഥ വരുമെന്നും എന്നാൽ ബ്രാന്റഡ് സിസ്റ്റം ആകുമ്പോൾ കമ്പനിയെ സമീപിക്കാൻ കഴിയുമെന്നും പറഞ്ഞിരിക്കുന്നു. ഈ വാദഗതി അംഗീകരികരിക്കുകയാണെങ്കിൽ പോലും ഒറ്റപ്പുന്നയിലുള്ള തിങ്ക് സൊലൂഷൻസ് എന്ന സ്ഥാപനം ടെണ്ടറിൽ പറഞ്ഞിട്ടുള്ള സ്പെസിഫിക്കേഷനിലുള്ള ASUS K31AD എന്ന മോഡലിലുള്ള ബ്രാന്റഡ് ഡെസ്ക്ടോപ്പ് കമ്പ്യൂട്ടർ 3 വർഷ വാറന്റിയോടു കൂടി 29400/- രൂപ നിരക്കിൽ സപ്ളൈ ചെയ്യാമെന്ന് സമ്മതിച്ചിരുന്നു. ബ്രാന്റഡ് കമ്പ്യൂട്ടറുകളിൽ ഏറ്റവും കുറഞ്ഞ തുക വാഗ്ദാനം ചെയ്ത തിങ്ക് സൊലൂഷൻസിൽ നിന്നും മേൽ ബ്രാന്റഡ് ഉത്പന്നം വാങ്ങിയിരുന്നെങ്കിൽ 8400/-രൂപ (126000-117600) യുടെ അധികച്ചെലവ് ഒഴിവാക്കാമായിരുന്നു. ഈ അധികച്ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഉത്തരവാദിയായ സെക്രട്ടറി ടെണ്ടർ അംഗീകരിച്ച കമ്മറ്റിയിൽ പങ്കെടുത്ത അംഗങ്ങൾ എന്നിവരിൽ വിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 3-2 ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ -മരുന്ന് ലഭിച്ചിട്ടില്ലാത്തതിനാൽ ചെലവ് അംഗീകരിക്കുന്നില്ല.

പ്രോജക്ട് നം.എസ്.0101/17
നിർവ്വഹണം: മെഡിക്കൽ ഓഫീസർ (ഹോമിയോ)
പ്രോജക്ടിന്റെ പേര്: ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ

അടങ്കൽ: വികസന ഫണ്ട് - 1,50,000/- രൂപ

ചെലവ്: 1,50,000/- രൂപ (ട്രഷറി ബിൽ നം.1/2016-17തീയതി.25.11.2016)

ഈ പദ്ധതിക്കാവശ്യമായ മരുന്ന് വിതരണം ചെയ്യുന്നതിലേക്കായി ഹോംകോയ്ക്ക് തൻവർഷം 1,50,000/- രൂപ നല്കിയിട്ടുണ്ട്.

എന്നാൽ ആകെ 90,000/-രൂപയ്ക്കുള്ള മരുന്ന് മാത്രമാണ് ഹോംകോയിൽ നിന്നും ലഭ്യമായിട്ടുള്ളത് (22.03.2017-ലെ 1377 നമ്പർ പ്രഫോർമ ഇൻവോയ്സ് പ്രകാരം). 70000/- രൂപയുടെ മരുന്ന് ഇതേ വരെ ലഭിച്ചിട്ടില്ല. ലഭ്യമാകാത്ത മരുന്നിന് ചെലവഴിച്ച 70000/- രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

## 3-3 പി.എച്ച്.സി.യ്ക്ക് മരുന്നു വാങ്ങൽ - മരുന്നുകൾ പൂർണ്ണമായി ലഭിച്ചില്ല

നിർവ്വഹണം – മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

തൻവർഷം പി.എച്ച്.സിയ്ക്ക് മരുന്ന് വാങ്ങുന്നതിനായി താഴെ പറഞ്ഞിരിക്കുന്ന പ്രകാരം തുക ചെലവഴിച്ചിരിക്കുന്നു. എന്നാൽ ചെലവഴിച്ചിരിക്കുന്ന തുകയ്ക്കുള്ള മരുന്നുകൾ PHC യിൽ ലഭ്യമാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

1.പ്രോജക്ട് നം.എസ്.90/17

അടങ്കൽ: വികസന ഫണ്ട് - 3,00,000/- രൂപ

ചെലവ്:3,00,000/- രൂപ (ട്രഷറി ബിൽ നം.3/2016-17തീയതി.26.12.2016 രൂ. 219532 & ട്രഷറി ബിൽ നം.5/2016-17 തീയതി.27.2.2017 രൂ.80468/-)

ഈ പദ്ധതിക്കാവശ്യമായ മരുന്ന് വിതരണം ചെയ്യുന്നതിലേക്കായി തൻവർഷം മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിലേക്ക് 3,00,000/- രൂപ നല്കിയിട്ടുണ്ട്. എന്നാൽ ആകെ 229164/-രൂപയ്ക്കുള്ള മരുന്ന് മാത്രമാണ് ലഭ്യമായിട്ടുള്ളത് ബാക്കി 70836/- രൂപയ്ക്കുള്ള മരുന്ന് ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ മരുന്ന് വാങ്ങുന്നതിനായി ചെലവഴിച്ച തുകയിൽ മരുന്ന് ലഭ്യമാവാത്ത 70836/- രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

2.പാലിയേറ്റീവ് കെയർ (പ്രോജക്ട് നം.എസ്.91/17 )

ചെലവ്- 93820/- രൂപ , ട്രഷറി ബിൽ നം.7/2016-17തീയതി.9.3.2017

17090/-രൂപ ബിൽ നം.8/2016-17തീയതി.28.3.2017-(അറ്റ തുക 68390 )

11207/-രൂപ ബിൽ നം.9/2016-17തീയതി.30.3.2017(അറ്റ തുക 85146) ടി ബിൽ പ്രകാരം ചെലവഴിച്ച തുകകളുടെ മരുന്നുകളൊന്നും ലഭിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ മരുന്ന് വാങ്ങുന്നതിനായി ചെലവഴിച്ച 192953 രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

## 3-4 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല- ചെലവ് തടസ്സപ്പെടുത്തുന്നു.

താഴെ പറയുന്ന പദ്ധതികൾക്ക് വേണ്ടി തൻ വർഷം തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. ആയതിനാൽ ഇത് സംബന്ധിച്ച ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| ക്രമ.നം. | പ്രോജക്റ്റ് നം. | പദ്ധതിയുടെ പേര് | തുക | ബിൽ നം./ തീയതി | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|---|
| 1 | 84 | എസ്.എസ്.എ വിഹിതം ഒടുക്കൽ | 500000 | 1/16-17-18.11.16 | പ്രധാനാദ്ധ്യാപിക ഗവ.യു.പി.എസ് ചങ്ങരം |
| 2 | 18 | ആനിമൽ ബർത്ത് | 200000 | 1/16-17-12.1.17 | വെറ്ററിനറി സർജൻ |

| | | | | | |
|---|---|---|---|---|---|
| | | കൺട്രോൾ പ്രോഗ്രാം | | | |
| | | ആകെ | 700000 | | |

## 3-5 തെരുവ് വിളക്ക് മെയിൻ നീട്ടൽ -പദ്ധതി പൂർത്തീകരിച്ചില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു

1).പ്രോജക്ട് നം.എസ്.125/17
നിർവ്വഹണം : സെക്രട്ടറി

പേര്: തെരുവ് വിളക്ക് മെയിൻ നീട്ടൽ (വാർഡ്1,4,6,7,9,13,15)

അടങ്കൽ: വികസന ഫണ്ട് - 6,50,000/- രൂപ

ചെലവ്: 6,50,000/- രൂപ (ട്രഷറി ബിൽ നം.34/2016-17തീയതി.28.2.2017)

2).പ്രോജക്ട് നം.എസ്.109/17

പ്രോജക്ടിന്റെ പേര്: തെരുവ് വിളക്ക് മെയിൻ നീട്ടൽ (വാർഡ്-2,3,5,8,10,11,12,14)

അടങ്കൽ: ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 4,00,000/- രൂപ

ജില്ലാ പഞ്ചായത്ത് വിഹിതം - 4,00,000/- രൂപ

ചെലവ്: 4,00,000/- രൂപ (ട്രഷറി ബിൽ നം.41/2016-17തീയതി.16.03.2017)

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ തെരുവു വിളക്കിനായുള്ള ഇലക്ട്രിക്ക് ലൈൻ നീട്ടുന്നതിനായി താഴെപ്പറയുന്ന രണ്ടു പ്രോജക്ടുകൾ പ്രകാരം 10,50,000/- രൂപ കെ.എസ്.ഇ.ബി ചേർത്തല ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ ചേർത്തല എസ്.ബി.റ്റിയിലുള്ള 57026414342 എന്ന അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. എന്നാൽ ഈ തുകയുടെ വിനിയോഗ സാക്ഷ്യപത്രവും പദ്ധതിയുടെ പൂർത്തീകരണ സാക്ഷ്യപത്രവും ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ 10,50,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 സോഷ്യൽ സെക്യൂരിറ്റി മിഷന് വിഹിതം-ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

പ്രോജക്ട് നം.എസ്.165/17
നിർവ്വഹണം: സെക്രട്ടറി

അടങ്കൽ: വികസന ഫണ്ട് - 4,00,000/- രൂപ

ചെലവ്: 3,00,000/- രൂപ (ട്രഷറി ബിൽ നം.30തീയതി.28.02.2017)

1,00,000/- രൂപ (ട്രഷറി ബിൽ നം.43തീയതി.16.03.2017)

തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പിന്റെ 06.05.2013-ലെ സർക്കാർ ഉത്തരവ്(സാധാരണ)നം.1209/2013 /ത.സ്വ.ഭ.വ പ്രകാരം സംസ്ഥാനത്തെ അവശതയനുഭവിക്കുന്ന വിവിധ ജനവിഭാഗങ്ങളുടെ ക്ഷേമത്തിനായി കേരള സാമൂഹ്യ സുരക്ഷ മിഷൻ ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന പദ്ധതികളുടെ നടത്തിപ്പിലേക്കായി ഗ്രാമപഞ്ചായത്തുകൾ അഞ്ച് ലക്ഷം രൂപ വീതം എല്ലാ വർഷവും സംഭാവനയായി നല്കുന്നതിന് യഥേഷ്ടാനുമതി നല്കി ഉത്തരവായിട്ടുണ്ട്. ആയത് പ്രകാരം കോടന്തുരുത്ത് ഗ്രാമപഞ്ചായത്തിൽ നിന്നും 2016-17 സാമ്പത്തിക വർഷം മേൽ ബില്ലുകൾ പ്രകാരം നാല് ലക്ഷം രൂപ കേരള സാമൂഹ്യ സുരക്ഷ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള 701011400000134 നമ്പർ സ്പെഷ്യൽ സേവിംഗ്സ് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. മേൽ ഉത്തരവിലെ 6-ാം

ഖണ്ഡികയിൽ കേരള സാമൂഹ്യ സുരക്ഷ മിഷൻ സംഭാവന നല്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ധനവിനിയോഗ സാക്ഷ്യപത്രം നല്കേണ്ടതാണെന്ന് പറഞ്ഞിരിക്കുന്നു. ധനവിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ധനവിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 4,00,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-7 അങ്കണവാടികൾ വൈദ്യുതീകരണം- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല-തുക തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം.എസ്.81/17

നിർവ്വഹണം: സെക്രട്ടറി

അടങ്കൽ: വികസന ഫണ്ട് - 9,100/- രൂപ

മെയിന്റനൻസ് ഫണ്ട് (റോഡിതരം)- 630900/-രൂപ

ആകെ -6,40,000/-രൂപ

ചെലവ്: 6,30,900/- രൂപ (ട്രഷറി ബിൽ നം.32/2016-17തീയതി.28.2.2017)

9,100/- രൂപ (ട്രഷറി ബിൽ നം.33/2016-17തീയതി.28.2.2017)

ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിലെ 14 അങ്കണവാടികൾ വയറിംഗ് നടത്തുന്നതിനായാണ് ഈ പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. കേരള പബ്ലിക്സ് വർക്സ് ഡിപ്പാർട്ട്മെന്റ് ഇലക്ട്രിക്കൽ ഡിവിഷൻ തിരുവനന്തപുരം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 15.12.2016-ലെ EDT/DB.2-4062/19 നമ്പർ കത്ത് പ്രകാരം 6,40,000/- രൂപയുടെ എസ്റ്റിമേറ്റ് സെക്രട്ടറിക്ക് അയച്ചു നല്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന ചെലാനുകൾ പ്രകാരം 6,40,000/- രൂപ 8443-00-108-PW-Deposits എന്ന ശീർഷകത്തിൽ നിക്ഷേപിച്ചിട്ടുണ്ട്.

| ക്രമ നം. | ചെലാൻ കമ്പ്യൂട്ടർ സീക്വൻസ് നം/ തീയതി | തുക |
|---|---|---|
| 1 | 160606.....573/ 27.02.2017 | 630900 |
| 2 | 160606.....579/ 27.02.2017 | 9100 |
| | ആകെ | 6,40,000/-രൂപ |

എന്നാൽ ടി തുക വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 6,40,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-8 ഗ്രാമപഞ്ചായത്ത് ഫ്രണ്ട് ഓഫീസിന് കുടിവെള്ള കണക്ഷൻ- പദ്ധതി പൂർത്തീകരിച്ചില്ല

പ്രോജക്ട് നം.എസ്.77/17

നിർവ്വഹണം: സെക്രട്ടറി

അടങ്കൽ: വികസന ഫണ്ട് - 20,000/- രൂപ

ചെലവ്: 20,000/- രൂപ(ട്രഷറി ബിൽ നം.23/2016-17തീയതി.28.01.2017)

2,000/- രൂപ(ട്രഷറി ബിൽ നം.35/2016-17തീയതി.28.02.2017)

കോടന്നൂരുത്ത് ഗ്രാമപഞ്ചായത്തിലെ ഫ്രണ്ട് ഓഫീസിലേക്ക് കുടിവെള്ള കണക്ഷൻ ലഭ്യമാക്കുന്നതിനാണ് ഈ പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. ആയതിലേക്കായി മേൽ ക്രമ നം.1ബിൽ പ്രകാരം ട്രഷറിയിൽ നിന്നും

20,000/- രൂപ പിൻവലിച്ച് ഡി.ഡിയായി(ഡി.ഡി നം.126383 തീയതി.01.02.2017) ഫിനാൻസ് മാനേജർ & ചീഫ് അക്കൗണ്ട്സ് ഓഫീസർ കേരള വാട്ടർ അതോറിറ്റി തിരുവനന്തപുരം എന്ന പേരിൽ അയച്ചു നല്കിയിട്ടുണ്ട്. കൂടാതെ ക്രമ നം.2 ട്രഷറി ബിൽ പ്രാകരമുള്ള 2,000/- രൂപ എക്സിക്യൂട്ടീവ് എഞ്ചിനീയർ പി.എച്ച് ഡിവിഷൻ ആലപ്പുഴയുടെ പേരിൽ ആലപ്പുഴ എസ്.ബി.റ്റിയിലുള്ള 57019277517 എന്ന അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിന് നാളിതുവരെയായും കുടിവെള്ള കണക്ഷൻ ലഭ്യമായില്ല. പദ്ധതി പൂർത്തീകരിച്ച് പദ്ധതിയുടെ പൂർത്തീകരണ സാക്ഷ്യപത്രവും ചെലവ് തുകയുടെ വിനിയോഗ സാക്ഷ്യപത്രവും ഓഡിറ്റിൽ ഹാജരാക്കും വരെ 22,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-9 ഭവനപുനരുദ്ധാരണം (എസ്.സി) -സബ്സിഡി മാർഗ്ഗരേഖയിലെ നിബന്ധന പാലിച്ചില്ല

നിർവ്വഹണം : വി.ഇ.ഒ.

പ്രോജക്ട് നം : S0074/ 16-17 ഭവനപുനരുദ്ധാരണം (എസ്.സി)

അടങ്കൽ : 7,50,000/- (വികസന ഫണ്ട്, എസ്.സി.പി)

ചെലവ് : 5,50,000/-

ബിൽ നം. 12/16-17/ 27.02.17/ 75,000

18/16-17/ 24.03.17/ 1,50,000

12/16-17/ 31.03.17/ 3,25,000

സബ്സിഡി മാർഗ്ഗരേഖപ്രകാരം 8 വർഷം പഴക്കമുള്ള വീടുകൾക്കാണ് ഭവനപുനരുദ്ധാരണത്തിനുള്ള ധനസഹായം നല്കേണ്ടത്. എന്നാൽ, താഴെ കൊടുത്തിരിക്കുന്ന അപേക്ഷകളോടൊപ്പമുള്ള ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാക്ഷ്യപത്ര പ്രകാരം ടി നിബന്ധന പാലിക്കുന്നില്ല.

| ക്രമ നം. | അപേക്ഷകന്റെ പേര്, മേൽ വിലാസം | കാലപ്പഴക്കം | കൈപ്പറ്റിയ തുക |
|---|---|---|---|
| 1 | ലീല ,കരിവടക്കേചിറ,കോടംതുരുത്ത്.പി.ഒ, കുത്തിയതോട് | 4 | 12500 |
| 2 | കുമാരി മോഹനൻ, ചക്കുഴളത്ത്ചിറ, കുത്തിയതോട് | 6 | 12500 |
| 3 | അശ്വതി ഷിബു , ചിറ്റേനികർത്ത്,കോടംതുരുത്ത്, കുത്തിയതോട് | 7 | 25000 |
| ആകെ | | | 50,000 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.5/13.06.17)വി.ഇ.ഒ ലഭ്യമാക്കിയ മറുപടിയിൽ ബ്ലോക്കിൽ നിന്നുള്ള സാക്ഷ്യപത്രത്തിൽ 8 വർഷത്തിന് മുമ്പ് ഭവനനിർമ്മാണം പൂർത്തീകരിച്ചതായി രേഖപ്പെടുത്തിയിരുന്നതിനാലാണ് ഇപ്രകാരം നൽകിയത് എന്നു പറയുന്നു. എന്നാൽ ഇതു സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല. മാത്രമല്ല ഗ്രാമപഞ്ചായത്തു സെക്രട്ടറി നൽകിയ സാക്ഷ്യപത്രങ്ങൾ പ്രകാരം 8 വർഷത്തിൽ താഴെയാണ് കാലപ്പഴക്കം എന്ന് വ്യക്തവുമാണ്. ആയതിനാൽ മറുപടി അംഗീകരിക്കാവുന്നതല്ല. സർക്കാർ മാർഗ്ഗരേഖ/ഉത്തരവ് പാലിക്കാതെ നടത്തിയ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. നിയമവിരുദ്ധമായി നൽകിയ തുക (50000/-രൂപ) തിരികെ ഈടാക്കേണ്ടതാണ്.

## 3-10 ഗാർഹിക കുടിവെള്ള കണക്ഷൻ - രേഖകൾ ഇല്ലാതെ സബ്സിഡി നല്കി

നിർവ്വഹണം: വി.ഇ.ഒ
പ്രോജക്ട് നം.:S.0005/16-17 പട്ടികജാതി വിഭാഗക്കാർക്ക് കുടിവെള്ള കണക്ഷൻ സബ്സിഡി അനുവദിക്കൽ (എസ്.സി)

അടങ്കൽ -1,34,400 (വികസന ഫണ്ട്)

ചെലവ് -96,000

ബിൽ നം. 01/16-17/ 30.08.16 - 54,000

03/16-17/ 27.09.16 - 18,000

06/16-17/ 22.12.16 - 6,000

10/16-17/25.01.17- 12,000

15/16-17/24.03.17- 6,000
ഈ പദ്ധതി പ്രകാരം 16 പേർക്ക് 6000/- രൂപ നിരക്കിൽ ഗാർഹിക കുടിവെള്ള കണക്ഷൻ സബ്സിഡി അനുവദിക്കുന്നതിനായി ആകെ 96,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ അപേക്ഷകൾ പരിശോധിച്ചതിൽ സബ്സിഡി കൈപ്പറ്റിയ ശ്രീമതി.മീര രൂപേഷ്, ആലുംത്തറ കുത്തിയതോട്. പി.ഒ, കോടംത്തുരുത്ത്, വാട്ടർ അതോറിറ്റിയിൽ നിന്നും കുടിവെള്ള കണക്ഷൻ ലഭിച്ചുവെന്നത് സംബന്ധിച്ച ഒരു രേഖയും ഹാജരാക്കിയിട്ടില്ല. ആയത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (5/13.06.17) ടി രേഖ ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. രേഖകൾ ലഭ്യമാക്കുന്നത് വരെ ചെലവ് (6000/-രൂപ) തടസ്സപ്പെടുത്തുന്നു.

## 3-11 <u>ഭൂരഹിതർക്ക് സ്ഥലം വാങ്ങുന്നതിന് ധനസഹായം(എസ്.സി) - പഞ്ചായത്തിലെ സ്ഥിരം താമസം അല്ലാത്ത വ്യക്തിക്ക് ആനുകൂല്യം നല്കി - ചെലവ് നിരാകരിക്കുന്നു</u>

നിർവ്വഹണം : വി.ഇ.ഒ
പ്രോജക്ട് നം.-S004/ 16-17

വികസന ഫണ്ട്, എസ്.സി.പി.- 1,50,000

ബിൽ നം. 08/16-17 - 22.12.16 1,50,000

ഈ പദ്ധതി പ്രകാരം, ആനുകൂല്യം കൈപ്പറ്റിയ ശ്രീമതി.രാധിക തിലകൻ, കണ്ടംത്തറ, എന്ന വ്യക്തി സമർപ്പിച്ച രേഖകൾ പരിശോധിച്ചതിൽ, അപേക്ഷയിലെ മേൽ വിലാസം കണ്ടംതറ, കോടംത്തുരുത്ത്, കുത്തിയതോട്. പി.ഒ എന്നാണ്. എന്നാൽ ടിയാരിയുടേയും ഭർത്താവിന്റേയും തിരിച്ചറിയൽ രേഖകളായ ആധാർ കാർഡിൽ തൊക്കലാഡി ഹൗസ്, അജന്റ ലെയ്ൻ, മട്ടാഞ്ചേരി.പി.ഒ, എറണാകുളം എന്നും തിരഞ്ഞെടുപ്പ് ഐ.ഡി ലഭ്യമായിരിക്കുന്നത് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ,കൊച്ചി അസംബ്ലി നിയോജക മണ്ഡലത്തിൽ നിന്നുമാണ്. അപേക്ഷയോടൊപ്പം ഹാജരാക്കിയിരിക്കുന്ന റേഷൻ കാർഡ് (2008ലെ റേഷൻകാർഡാണ് ലഭ്യമാക്കിയിരിക്കുന്നത്) ടിയാരി സഹോദരനായ ശ്രീ.അരവിന്ദൻ വെളുത്ത എന്നയാളാണ് കുടുംബനാഥൻ.

രേഖകൾ പ്രകാരം ടിയാരി കോടംത്തുരുത്ത് ഗ്രാമ പഞ്ചായത്ത് പരിധിയിലെ സ്ഥിരം നിവാസി അല്ലെന്ന് വ്യക്തമാണ്. പഞ്ചായത്തിലെ താമസക്കാരി അല്ലാത്തയാളിന് ആനുകൂല്യം നല്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (5/13.06.17) നൽകിയ മറുപടിയിൽ കഴിഞ്ഞ 6 വർഷ കാലയളവായി ടിയാൾ കോടംതുരുത്ത് ഗ്രാമ പഞ്ചായത്തിലെ സ്ഥിരം താമസക്കാരിയാണെന്ന് ബോധ്യപ്പെട്ടതിന്റേയും 2014-15 വാർഷിക ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടതിന്റേയും അടിസ്ഥാനത്തിലാണ് ആനുകൂല്യം നല്കിയതെന്നും പറയുന്നു. എന്നാൽ ഇതു സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല.

ഹാജരാക്കിയ രേഖകളുടെ വെളിച്ചത്തിൽ മറുപടി അംഗീകരിക്കാവുന്നതല്ല. ആയതിനാൽ, ചെലവ് (1,50,000) ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക തിരികെ ഈടാക്കേണ്ടതാണ്.

## 3-12 ടാറിന്റെ വില അധികം നല്കി- തുക നിരാകരിക്കുന്നു

എ).2015-16 ൽ തയ്യാറാക്കിയ ചില മരാമത്ത് വേലകൾ 2016-17 ൽ മാത്രമാണ് പൂർത്തീകരിച്ചത്. ഈ മരാമത്ത് വേലകളുടെ എസ്റ്റിമേറ്റ് DSR-2014 പ്രകാരമാണ് തയ്യാറാക്കിയത്. ഇവയിൽ ടാറിംഗ് വേലകളിൽ ടാറിന്റെ (Bitumen VG – 10) വില താഴെ പറയും പ്രകാരമാണ് നിശ്ചയിച്ചത്.

| | |
|---|---|
| ടാർ വില (ടണ്ണിന്) | 50600.00 |
| കാര്യേജ് | 106.49 |
| ആകെ | 50706.49 |
| കോസ്റ്റ് ഇൻഡക്സ് (1.4571) സഹിതം | 73884.43/Tonne=രൂ.73.88/kg |

2016-17 ൽ ഗുണഭോക്തൃ സമിതികൾക്ക് ഇതിലും വളരെ കുറഞ്ഞ നിരക്കിലാണ് ടാർ ലഭിച്ചിട്ടുള്ളത്. ഗുണഭോക്തൃ സമിതികൾ മുഖേന നടത്തപ്പെടുന്ന വേലകളിൽ യഥാർത്ഥ ചെലവു തുകയിൽ അധികരിക്കുന്ന ബിൽ തുക നല്കേണ്ടതില്ല. ഗുണഭോക്തൃ സമിതികൾ സമർപ്പിക്കുന്ന കണക്കുകളിൽ ടാറിന്റെ വിലയ്ക്ക് മാത്രമാണ് ആധികാരിക രേഖയുള്ളത്. യഥാർത്ഥ ബില്ല് പ്രകാരമുള്ള ടാർ വിലയിൽ അധികരിച്ച തുക ഈയിനത്തിൽ ഗുണഭോക്തൃ സമിതിക്ക് നൽകേണ്ടതില്ല.

DSR-2014 പ്രകാരമുള്ള ടാർ വിലയും മാർക്കറ്റ് വിലയും തമ്മിൽ ഭീമമായ വ്യത്യാസം നിലനില്ക്കുന്നതിനാൽ ടാറിന്റെ യഥാർത്ഥ വിലയിൽ അധികരിച്ച് വർക്ക് ബില്ലുകളിൽ ടാർ വിലയിനത്തിൽ കണക്കാക്കിയ തുക കുറവു ചെയ്തു മാത്രമേ ഫൈനൽ ബിൽ നല്കാമായിരുന്നുള്ളൂ. എന്നാൽ 2016-17 കാലഘട്ടത്തിൽ ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കിയ താഴെപ്പറയുന്ന സ്പിൽ ഓവർ വേലകളുടെ ബില്ലിൽ നിന്നും ഇപ്രകാരം കുറവു വരുത്താതിരുന്നതു മൂലം കൺവീനർമാർക്ക് അധിക തുക നല്കാനിടയായി.

വിശദാംശം ചുവടെ ചേർക്കുന്നു.

1.പ്രോജക്ട് നം.57/17 3-ാം വാർഡിൽ കരുമാഞ്ചേരി-പുതുശ്ശേരി വെളി റോഡ് ടാറിംഗ്

| | | |
|---|---|---|
| കൺവീനർ | : | അമ്മിണി പ്രഭാകരൻ,<br>പുതുശ്ശേരി വെളി |
| കരാർ നമ്പർ | : | 19/AE/KDM/LSGD/15-16<br>തീയതി 04.09.2015 |
| അളവു പുസ്തകം നമ്പർ | : | 86/15-16 |
| ആകെ മൂല്യം (വാറ്റ്, ക്ഷേമനിധി വിഹിതം എന്നിവ സഹിതം) | : | രൂ.344516/- |
| ചെലവഴിച്ച തുക<br>(ബാരൽ വില കുറച്ച്) | : | രൂ.344516/-<br>ചെക്ക് നം.1121717<br>തീയതി.20.03.2017 |
| കൺവീനർക്ക് നൽകിയ തുക | | 318518/-<br>DD No.126738/24.03.17 |

| | | |
|---|---|---|
| ടാറിംഗ് വിസ്തീർണ്ണം | : | 444 $m^2$ |
| ഉപയാഗിച്ച ടാറിന്റെ അളവ്<br>(3ഇനത്തിനും കൂടി 3.17kg/$m^2$ നിരക്കിൽ) | : | 1407.48kg |
| ടാറിന് അനുവദിക്കപ്പെട്ട മൂല്യം(DSR 2014 പ്രകാരം)<br>(രൂ. 73.88/kgനിരക്കിൽ) | : | രൂ. 103985/- |
| ടാറിന് അനുവദനീയമായ പരമാവധി മൂല്യം (കൺവീനർ ഹാജരാക്കിയ കണക്കു പ്രകാരം ടാറിന്റെ വില) | : | രൂ.45574/-<br>(Sidco Invoice Nos. 586634 dtd. 30.3.16) |
| ഇതനുസരിച്ച് ടാറിന്റെ വില വ്യത്യാസം ഇനത്തിൽ ഫൈനൽ ബില്ലിൽ കുറവുചെയ്യേണ്ടിയിരുന്ന തുക | : | 103985-45574 = 58411/- |
| എന്നാൽ ടാറിന്റെ വില വ്യത്യാസം ഇനത്തിൽ യാതൊരു തുകയും ഫൈനൽ ബില്ലിൽ കുറവു ചെയ്യാതിരുന്നതു മൂലം 58411/-രൂപ കൺവീനർക്ക് അധികം നല്കാനിടയായി. ഈ അധിക ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. | | |

2.പ്രോ. നം.37/17 പതിനഞ്ചാം വാർഡിൽ വളപ്പാനടി റോഡ് ടാറിംഗ്

| | | |
|---|---|---|
| കൺവീനർ | : | പ്രമോദ് കുമാർ, ചില്ലംതറ |
| കരാർ നമ്പർ | : | 53/AE/KDM/LSGD/15-16 തീയതി 03.10.2015 |
| അളവു പുസ്തകം നമ്പർ | : | 82/15-16 |
| ആകെ മൂല്യം<br>(വാറ്റ്, ക്ഷേമനിധി വിഹിതം എന്നിവ സഹിതം) | : | രൂ.280636/- |
| ചെലവഴിച്ച തുക<br>(ബാരൽ വില കുറച്ച്) | : | രൂ.280636/-<br>ബിൽ നം. 1/16-17 തീയതി.27.08.2016 |

| | | |
|---|---|---|
| കൺവീനർക്ക് നൽകിയ തുക | | 266624 (RTGS മുഖേന) |
| ടാറിംഗ് വിസ്തീർണ്ണം | : | 420.10 m2 |
| ഉപയാഗിച്ച ടാറിന്റെ അളവ്<br>(3.17kg/m2 നിരക്കിൽ) | : | 1331.72kg |
| ടാറിന് അനുവദിക്കപ്പെട്ട മൂല്യം<br>(രൂ. 73.88/kgനിരക്കിൽ) | : | രൂ. 98387/- |
| ടാറിന് അനുവദനീയമായ പരമാവധി മൂല്യം<br>(കൺവീനർ ഹാജരാക്കിയ കണക്കു പ്രകാരം ടാറിന്റെ വില) | : | രൂ.45574/-<br>(Sidco Invoice Nos. 6634 dt 18.03.2016 ) |
| ഇതനുസരിച്ച് ടാറിന്റെ വില വ്യത്യാസം ഇനത്തിൽ ഫൈനൽ ബില്ലിൽ കുറവുചെയ്യേണ്ടിയിരുന്ന തുക | : | 98387-45574 = 52813/- |
| എന്നാൽ ടാറിന്റെ വില വ്യത്യാസം ഇനത്തിൽ യാതൊരു തുകയും ഫൈനൽ ബില്ലിൽ കുറവു ചെയ്യാതിരുന്നതു മൂലം 52813/-രൂപ കൺവീനർക്ക് അധികം നല്കാനിടയായി. ഈ അധിക ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. | | |

ഇത് സംബന്ധിച്ച് വിശദീകരണം ആരാഞ്ഞു കൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് ടാറിംഗിനു വരുന്ന മറ്റ് മെറ്റീരിയലുകളുടെയും ഉപകരണങ്ങളുടെയും മാർക്കറ്റ് നിരക്കിലുള്ള വാടക ഡി.എസ്.ആർ നിരക്കിനേക്കാൾ വളരെ കൂടുതലാണെന്ന മറുപടിയാണ് നല്കിയത്. ടാർ വിലയുടെ വ്യത്യാസം മാത്രം കണക്കിലെടുത്താണ് ഓഡിറ്റ് നിരീക്ഷണം എന്നാകയാൽ ഈ വാദഗതി അംഗീകരിക്കാവുന്നതല്ല. മേൽ രണ്ട് പദ്ധതികളിലുമായി അധികം നല്കിയ തുക (111224/- രൂപ) ബന്ധപ്പെട്ട കൺവീനർമാരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

ബി).മേൽ രണ്ട് പ്രോജക്ടുകളിലും ടാറിന്റെ കാലി വീപ്പയുടെ വില കുറവ് ചെയ്യാതിരുന്നതു മൂലം തൻ വർഷം താഴെപ്പറയും പ്രകാരമുള്ള നഷ്ടമുണ്ടായിട്ടുണ്ട്.

| ക്രമ നം | പ്രോജക്ട് നം/ പേര് | ഉപയോഗിച്ച ടാറിന്റെ അളവ് | വീപ്പയൊന്നിന് 250/-രൂപ ക്രമത്തിൽ നഷ്ടമായ തുക |
|---|---|---|---|
| 1 | പ്രോ നം.57/17 3-ാം വാർഡിൽ കരുമാഞ്ചേരി-പുതുശ്ശേരി വെളി റോഡ് ടാറിംഗ് | 1407.8 കി.ഗ്രാം<br>(9 ബാരൽ) | 2250/- രൂപ |
| 2 | പ്രോ. നം.37/17 പതിനഞ്ചാം വാർഡിൽ വളപ്പാനടി റോഡ് | 1331.72 കി.ഗ്രാം<br>(9 ബാരൽ) | 2250/- രൂപ |

| | | | |
|---|---|---|---|
| | ടാറിംഗ് | | |
| | ആകെ | 18 ബാരൽ | 4500/-രൂപ |

ഈ തുകകളും ബന്ധപ്പെട്ട കൺവീനർമാരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-13 കോടന്തുരുത്ത് പി.എച്ച്.സി. പുനരുദ്ധാരണം- വാതിലിന്റെ അളവ് കുറവ് ചെയ്തില്ല നഷ്ടം

നിർവ്വഹണം: അസിസ്റ്റന്റ് എഞ്ചിനീയർ
പ്രോജക്ട് നം.എസ്.048/17

കൺവീനർ- കുഞ്ഞുകുഞ്ഞ്, കോരംചിറ,കോടന്തുരുത്ത്.

അടങ്കൽ: മെയിന്റനൻസ് ഫണ്ട് (റോഡിതരം)- 2,50,000/- രൂപ

ചെലവ്: 1,46,384/- രൂപ (ട്രഷറി ബിൽ നം.2/2016-17തീയതി.27.8.2016)

എം.ബുക്ക് നം.84/15-16

റ്റി.എസ് നം.-407/AEE/PKD/14-15 തീയതി.05.09.2014

എഗ്രിമെന്റ് നം- 22/AE/KDM/14-15 തീയതി.07.01.2015

ആകെ വേല മൂല്യം- 146384/- രൂപ.(നികുതികൾ ഉൾപ്പെടെ)

കോടന്തുരുത്ത് പി.എച്ച്.സി-യോട് ചേർന്ന് രണ്ട് ടോയ്ലറ്റുകൾ നിർമിക്കുന്നതിനാണ് ഈ പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. ഈ പദ്ധതിയുടെ 5-ാം ഇനമായി ചെയ്തിരിക്കുന്നത് (എം.ബുക്ക് പേജ് നം.6) "Solid block masonry using pre-cast solid blocks (factoy made) of size 30x20x15cm or nearest available size etc complete” എന്ന പ്രവർത്തിയാണ്. എന്നാൽ ഈ ഇനത്തിന്റെ അളവിൽ നിന്നും വാതിലിന്റെയും വെന്റിലേഷന്റെയും അളവുകൾ കുറവ് ചെയ്തപ്പോൾ രണ്ട് വാതിലുകൾ ഉള്ളതിൽ ഒന്നിന്റെ അളവ് മാത്രമെ കുറവു ചെയ്തതായി കാണുന്നുള്ളു. തന്മൂലം താഴെപ്പറയും പ്രകാരം ഉള്ള അധിക ചെലവുണ്ടായിട്ടുണ്ട്.

| | |
|---|---|
| ഭിത്തിയുടെ ആകെ വ്യാപ്തം | 3.71എം$^3$ |
| ആകെ കുറവ് ചെയ്യേണ്ടിയിരുന്ന വാതിലിന്റെയും വെന്റിലേഷന്റെയും അളവുകൾ<br>വാതിൽ-(0.6x0.1x2)x2=.24<br>വെന്റിലേഷൻ (.6x.1x.4)x2=.048 | 0.288 |
| ആകെ കുറവ് ചെയ്ത വാതിലിന്റെയും വെന്റിലേഷന്റെയും അളവുകൾ | 0.17എം$^3$ |
| അനുവദനീയമായ അളവ് | 3.422 എം$^3$ |
| അനുവദിച്ച അളവ് | 3.54 എം3 |
| അനുവദിച്ച തുക 3.54 എം3-ന് (4900രൂ/എം3) | 17346/-രൂപ |
| അനുവദനീയമായ തുക3.422എം3ന് (4900രൂ/എം3) | 16768/-രൂപ |
| അധികം നല്കിയ തുക (17346-16768) | 578/- രൂപ |

ഈ അധികച്ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (2/8.6.17) നൽകിയ മറുപടിയിൽ അധിക തുക തിരികെ ഈടാക്കാൻ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ ധരിപ്പിക്കേണ്ടതാണ്.

## 3-14 പതിനഞ്ചാം വാർഡിൽ നീലേകാട്ടുതറ നടപ്പാത നിർമാണം- അളവെടുത്തതിൽ ന്യൂനത-അധികച്ചെലവ്

നിർവ്വഹണം: അസിസ്റ്റന്റ് എഞ്ചിനീയർ
പ്രോജക്റ്റ് നം.എസ്.045/17

കൺവീനർ- സുഭാഷ്, നീലേകാട്ടുതറ,എഴുപുന്ന

അടങ്കൽ: വികസന ഫണ്ട് (എസ്.സി.പി)- 2,00,000/- രൂപ

ചെലവ്: 1,55,295/- രൂപ (ട്രഷറി ബിൽ നം.25/2016-17തീയതി.31.3.2017)

എം.ബുക്ക് നം.100/AE/LSGD

റ്റി.എസ് നം.-247/AEE/PKD/14-15 തീയതി.29.01.2015

എഗ്രിമെന്റ് നം- 46/AE/KDM/14-15 തീയതി.10.02.2015

ആകെ വേല മൂല്യം- 146505/- രൂപ.

450.മി.മീറ്റർ കോൺക്രീറ്റ് പൈപ്പ് 30 മീറ്റർ നീളത്തിൽ സ്ഥാപിച്ച് തോട് നികർത്തി 61 മീറ്റർ നീളത്തിലും 3 മീറ്റർ വീതിയിലും നടപ്പാത നിർമിക്കുന്നതിനാണ് ഈ പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. ഈ പദ്ധതിയുടെ ഒന്നാം ഇനമായി ചെയ്തിരിക്കുന്നത് 0.45 മീറ്റർ വ്യാസവും 2.5 മീറ്റർ നീളവും ഉള്ള 12 പ്രീ-കാസ്റ്റ് ആർ.സി.സി പൈപ്പ് സ്ഥാപിക്കലാണ് (എം.ബുക്ക് പേജ് നം.1). എം ബുക്ക് പേജ് നം.2,3 എന്നിവ പ്രകാരം രണ്ടാം ഇനമായി ചെയ്തിരിക്കുന്നത് ഗ്രാവൽ ഫില്ലിംഗ് ആണ്. എന്നാൽ രണ്ടാം ഇനമായ ഗ്രാവൽ ഫില്ലിംഗിന്റെ അളവ് രേഖപ്പെടുത്തിയപ്പോൾ ഒന്നാം ഇനമായി ചെയ്ത പൈപ്പിന്റെ വ്യാപ്തം കുറവു ചെയ്തതായി കാണുന്നില്ല. തന്മൂലം താഴെപ്പറയും പ്രകാരം അധിക ചെലവുണ്ടായി.

| | |
|---|---|
| ആകെ ഫില്ല് ചെയ്ത ഗ്രാവലിന്റെ അളവ് | 163.125 എം$^3$ |
| 15% കൺസോളിഡേഷൻ, ടേപ്പ് മെഷർമെന്റ് എന്നിവയ്ക്കായി കുറവ് ചെയ്തത് | 24.469 എം$^3$ |
| പൈപ്പിന്റെ വ്യാപ്തം {(3.14x0.225x0.225x2.5)x12} | 4.769 എം$^3$ |
| അനുവദനീയമായ അളവ് | 133.88 |
| അനുവദിച്ച അളവ് | 138.656 എം$^3$ |
| അനുവദിച്ച തുക 138.656എം3-ന് (806.5രൂ/എം3) | 111826/- രൂപ |
| അനുവദനീയമായ തുക133.88എം3ന് (806.5രൂ/എം3) | 107974/-രൂപ |
| അധികം നല്കിയ തുക (111826-107974) | 3852/- രൂപ |

ഈ അധികച്ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.2/8.6.17) നൽകിയ മറുപടിയിൽ അധിക തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക കൺവീനറിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ ധരിപ്പിക്കേണ്ടതാണ്.

## 3-15 നാലാം വാർഡിൽ നാനാതറ നടപ്പാത കോൺക്രീറ്റിംഗ്- അധിക നിരക്ക് അനുവദിച്ചു

നിർവ്വഹണം: അസിസ്റ്റന്റ് എഞ്ചിനീയർ
പ്രോജക്റ്റ് നം.എസ്.043/17

കൺവീനർ- കെ.ബി.സുരേഷ്

അടങ്കൽ: വികസന ഫണ്ട് (എസ്.സി.പി)- 1,25,000/- രൂപ

ചെലവ്: 1,22,234/- രൂപ (ട്രഷറി ബിൽ നം.6/2016-17തീയതി.30.11.2016)

എം.ബുക്ക് നം.87/15-16

റ്റി.എസ് നം.-165/AEE/PKD/14-15 തീയതി.24.08.2014

എഗ്രിമെന്റ് നം- 32/AE/KDM/14-15 തീയതി.17.01.2015

ആകെ വേല മൂല്യം- 115315/- രൂപ.

2014-15 ൽ ആരംഭിച്ച സ്പിൽ ഓവർ പ്രോജക്ടാണ് നാലാം വാർഡിൽ നാനാതറ നടപ്പാത കോൺക്രീറ്റിംഗ്. ഈ പ്രവൃത്തിയുടെ 3-ാം ഇനമായ "Cement Concrete 1:3:6 using 20mm broken stone including all labour for wearing coat" എന്നതിന് അധികനിരക്ക് അനുവദിച്ചതായി കാണുന്നു. 2012 ഷെഡ്യൂൾ ഓഫ് റേറ്റ്സ് പ്രകാരം ഗുണഭോക്തൃസമിതിക്ക് അനുവദിച്ചിരിക്കുന്ന നിരക്ക് 6849/m3 ആണ്. എന്നാൽ അനുവദിക്കാവുന്ന നിരക്ക് 6135/m3 ആണ്. വിശദവിവരം ചുവടെ ചേർക്കുന്നു.

| Item | | Quanity | Rate | Amount |
|---|---|---|---|---|
| Materials | 20mm BS | 0.009m3 | 942/m3 | 8.48 |
| | sand | 0.0045m3 | 2314/m3 | 10.41 |
| | cement | 2.16kg | 5940/t | 12.83 |
| Conveyance | 40mm BS | 0.009m3 | 758/m3 | 6.82 |
| | sand | 0.0045m3 | 934/m3 | 4.20 |
| | cement | 2.16kg | 323/t | 0.70 |
| Labour | 0.002 mason | | 471/E | 0.94 |
| | 0.01 man | | 377/E | 3.77 |
| | 0.035 woman | | 377/E | 13.20 |
| Total | | | | 61.35/10dm$^3$ |

പ്രസ്തുത ഇനത്തിന് അളവുപുസ്തകം 87/15-16 പേജ് 7 പ്രകാരം 5.75m$^3$-ന് 6849/m$^3$ നിരക്കിൽ 39381.75 രൂപയാണ് അനുവദിച്ചിട്ടുള്ളത്. എം$^3$ ന് 6135/- രൂപ നിരക്കിൽ അനുവദനീയമായ തുക 35276.25 രൂപയാണ്. അധിക നിരക്ക് നൽകിയതുമൂലമുള്ള അധികച്ചെലവ് 4106/- രൂപ. ഈ അധികച്ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇതു സംബന്ധിച്ച് വിശദീകരണമാരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.2/8.6.17) അസിസ്റ്റന്റ് എഞ്ചിനീയർ സമർപ്പിച്ച മറുപടിയിൽ അധികമായി നൽകിയ തുക കൺവീനറിൽ നിന്നും തിരികെ ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അധിക തുക 4106/- രൂപ കൺവീനറിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ ധരിപ്പിക്കേണ്ടതാണ്.

## 3-16 തൊഴിലുറപ്പ് പദ്ധതി അവലോകനം

ഗ്രാമീണ മേഖലയിൽ തൊഴിലെടുക്കാൻ സന്നദ്ധരായ അവിദഗ്ധ തൊഴിലാളികൾ (18 വയസ്സിനു മുകളിൽ) ഉള്ള ഒരു കുടുംബത്തിന് ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 100 ദിവസമെങ്കിലും തൊഴിൽ ലഭ്യമാക്കി അവരുടെ ജീവിത നിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണിത്. 2016-17 വർഷത്തെ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പ് സംബന്ധിച്ച വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1.രജിസ് ട്രേഷൻ, തൊഴിൽ ദിനങ്ങൾ എന്നിവയുടെ വിവരം

| | |
|---|---|
| തൻവർഷം രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 130 |
| ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 3107 |
| തൊഴിലിനപേക്ഷ നൽകിയ കുടുംബങ്ങളുടെ എണ്ണം | 1480 |
| തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 1480 |
| ആകെ തൊഴിൽ ദിനങ്ങൾ | 88523 |
| ഒരു കുടുംബത്തിനു ലഭിച്ച ശരാശരി തൊഴിൽദിനങ്ങൾ | 59.81 |
| 100 തൊഴിൽ ദിനങ്ങൾ ലഭിച്ചവരുടെ എണ്ണം | 384 |

2.ഏറ്റെടുത്ത പദ്ധതികളുടെ വിവരങ്ങൾ

| | |
|---|---|
| ആവിഷ്കരിച്ച പദ്ധതികളുടെ എണ്ണം | 402 |
| അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | 402 |
| തൻവർഷം പൂർത്തിയാക്കിയത് | 402 |
| സ്പിൽ ഓവറായി നടപ്പാക്കിയത് | -- |
| ഉപേക്ഷിച്ച പദ്ധതികളുടെ എണ്ണം | -- |

III) വിവിധ മേഖലകളിലെ പ്രവൃത്തികളുടെ വിശദ വിവരം

| ക്രമ നം. | ഇനവിവരം | പ്രവൃത്തികളുടെ എണ്ണം | ചെലവ് തുക |
|---|---|---|---|
| 1 | ഭൂവികസന പ്രവർത്തനങ്ങൾ | 52 | 6780254 |
| 2 | വെള്ളപ്പൊക്ക നിയന്ത്രണം | 63 | 3862643 |
| 3 | ജല സ്രോതസ്സുകളുടെ പുനരുദ്ധാരണം | 38 | 5184695 |
| 4 | ജലസംരക്ഷണം/ | 30 | 3781325 |
| 5 | വ്യക്തിഗത കക്കൂസ് | 101 | 1179675 |
| 6 | റോഡ് നിർമാണം | 18 | 2046768 |
| 7 | ഐ.എ.വൈ- വീട് | 73 | 1864676 |
| 8 | വനസംരക്ഷണവും മരം വച്ചു പിടിപ്പിക്കലും | 27 | 1236515 |
| | ആകെ | 402 | 25936551 |

തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങൾക്ക് കേവലം 59.81 തൊഴിൽ ദിനങ്ങൾ മാത്രമാണ് നൽകാൻ കഴിഞ്ഞത്. തൊഴിൽ ആവശ്യപ്പെട്ട 1480 കുടംബങ്ങളിൽ 384 കുടുംബങ്ങൾക്കു മാത്രമാണ് 100 തൊഴിൽദിനങ്ങൾ നൽകാൻ കഴിഞ്ഞതും അതായത് 26%. തൊഴിലുറപ്പു പദ്ധതി നടത്തിപ്പിൽ പഞ്ചായത്ത് കാര്യമായ ശ്രദ്ധ ചെലുത്തണമെന്ന് ഇത് സൂചിപ്പിക്കുന്നു. വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം

കോടന്നൂരുത്ത് ഗ്രാമ പഞ്ചായത്തിന്റെ 2016-17 വാർഷിക കണക്കിൽ താഴെപ്പറയുന്ന ന്യൂനതകൾ ഉള്ളതായി കാണുന്നു.

1.വാർഷിക കണക്കിൽ സാംഖ്യ സമ്പ്രദായം നിലവിൽ വരുന്നതിന് മുൻപുള്ള ആസ്തികൾ തിട്ടപ്പെടുത്തി ഉൾപ്പെടുത്തിയിട്ടില്ല. ആസ്തികളുടെ വിവരങ്ങൾ ഉൾക്കൊള്ളുന്ന സചിത്ര സോഫ്റ്റ് വെയർ സാംഖ്യയുമായി സംയോജിപ്പിച്ചിട്ടില്ല.

2.ധനകാര്യ വർഷത്തെ ഓപ്പണിംഗ് സ്റ്റോക്കിന്റെ മൂല്യം, തൻവർഷത്തെ സ്റ്റോർ പർച്ചേസുകളുടെ മൂല്യം, ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്യം എന്നിവയുൾപ്പെടുത്തിയുള്ള സ്റ്റോക്ക് റിപ്പോർട്ട് സെക്രട്ടറി തയ്യാറാക്കിയിട്ടില്ല.

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 250000 | പാലിയേറ്റീവ് കെയർ | 90078 | 159922 |
| ജില്ലാ പഞ്ചായത്ത് | 2016-17 | 400000 | തെരുവ് വിളക്ക് ലൈൻ നീട്ടൽ | 400000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 100000 | ക്ഷീരസംഘം മുഖേന വിതരണം ചെയ്യുന്ന പാലിൽ സബ്സിഡി | 92000 | 8000 |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | പ്രോജക്ട് നം.-109 തെരുവ് വിളക്ക് മെയിൻ നീട്ടൽ | | 800000 | | 800000 |
| കെഎസ്.ഇബി | പ്രോജക്ട് നം.-125 തെരുവ് വിളക്ക് മെയിൻ നീട്ടൽ | | 650000 | | 650000 |
| കെ.ഡബ്ല്യൂ.എ | ചിറയിൽ പട്ടിക വർഗ്ഗ കോളനി പൈപ്പ് ലൈൻ നീട്ടൽ | | 94000 | | 94000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

--ഇല്ല--

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | സ.ഉ(സാധാ) നം.747/10 /ത.സ്വ.ഭ.വ തീ.05.03.2010 | 8262500 | 1424241 | 500000 | | 924241 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

--ഇല്ല--

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 2,000/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തീയതി |
|---|---|---|---|---|
| 2014-15 | 2-2 | 2000 | പി.കെ.സഹിദ്, ഹൈനസ് പാർക്ക് ഇൻഡസ്ട്രീസ്, ചമ്മനാട്, കുത്തിയതോട്.പി.ഒ | 11601102771/ 14.02.2017 |
| ആകെ | | 2000/- | | |

വാർഷിക കണക്ക് പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ 8000/- രൂപ വരവുള്ളതായി കാണുന്നു. യഥാർത്ഥത്തിൽ ഓഡിറ്റ് റിക്കവറി ഇനത്തിൽ മേൽ പറഞ്ഞ 2000/- രൂപ മാത്രമാണ് വരവുള്ളത്. ശ്രീ.പി.കെ.സഹിദ് എന്ന വ്യക്തി 2014-15 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ 2-2 ഖണ്ഡിക പ്രകാരമുള്ള ഓഡിറ്റ് നിരീക്ഷണ പ്രകാരമുള്ള തുക അടവാക്കാൻ വന്നപ്പോൾ ഇതോടൊപ്പം പ്രസ്തുത സ്ഥാപനത്തിന്റെ 2015-16-ലെ ലൈസൻസ് ഫീയും (2000/- രൂപ) പി.എ.മുഹമ്മദ് എന്നയാളുടെ പേരിലുള്ള മറ്റൊരു സ്ഥാപനത്തിന്റെ 2014-15, 2015-16 എന്നീ വർഷങ്ങളിലേക്കുള്ള ലൈസൻസ് ഫീയും (4000/- രൂപ ഒടുക്കുകയുണ്ടായി 11601102772/14.02.2017) ഇതോടൊപ്പം ഒടുക്കുകയുണ്ടായി. ഇത് തെറ്റായ രീതിയിൽ ഓഡിറ്റ് റിക്കവറി എന്ന നിലയിൽ വരവ് വച്ചതു മൂലമാണ് ഈ വ്യത്യാസം നിലനില്ക്കുന്നത്.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

--ഇല്ല--

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 35207082 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 32989462 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 13500 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 666449/-രൂപ |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 28,18,000/-രൂപ |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2 | 13500 | | വി.ലതികാ ദേവി, സെക്രട്ടറി |
| 3-1 | | 8400 | വി.ലതികാ ദേവി, സെക്രട്ടറി & 25.03.2017ലെ കമ്മറ്റിയിൽ പങ്കെടുത്ത അംഗങ്ങൾ |
| 3-2 | | 70000 | സുരേഷ്.കെ.എസ്, മെഡിക്കൽ ഓഫീസർ ഹോമിയോ |
| 3-3(1) | | 70836 | ഡോ.രഞ്ജിത്ത് മോനായി, മെഡിക്കൽ ഓഫീസർ പി.എച്ച്.സി |
| 3-3(2) | | 192953 | ഡോ.രഞ്ജിത്ത് മോനായി, മെഡിക്കൽ ഓഫീസർ പി.എച്ച്.സി |
| 3-9 | | 50,000 | സാംസൺ.എസ്, വി.ഇ.ഒ |
| 3-11 | | 1,50,000 | സാംസൺ.എസ്, വി.ഇ.ഒ |
| 3-12(എ) | | 111224 | റേച്ചൽ ബഞ്ചമിൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-12(ബി) | | 4500 | റേച്ചൽ ബഞ്ചമിൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-13 | | 578 | റേച്ചൽ ബഞ്ചമിൻ, അസിസ്റ്റന്റ് എഞ്ചിനീയർ ശിവൻകുട്ടി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-14 | | 3852 | റേച്ചൽ ബഞ്ചമിൻ, അസിസ്റ്റന്റ് എഞ്ചിനീയർ ശിവൻകുട്ടി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-15 | | 4106 | റേച്ചൽ ബഞ്ചമിൻ, അസിസ്റ്റന്റ് എഞ്ചിനീയർ ശിവൻകുട്ടി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| ആകെ | 13500 | 666449 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4(1) | 5,00,000 | റോസമ്മ, പ്രധാനാദ്ധ്യാപിക ചങ്ങരം എൽ.പി.എസ് |
| 3-4(2) | 2,00,000 | സീന.റ്റി.എക്സ്, വെറ്ററിനറി സർജൻ |
| 3-5 | 10,50,000 | വി.ലതികാ ദേവി, സെക്രട്ടറി |
| 3-6 | 4,00,000 | വി.ലതികാ ദേവി, സെക്രട്ടറി |
| 3-7 | 6,40,000 | വി.ലതികാ ദേവി, സെക്രട്ടറി |
| 3-8 | 22,000 | വി.ലതികാ ദേവി, സെക്രട്ടറി |
| 3-10 | 6,000 | സാംസൺ.എസ്, വി.ഇ.ഒ |
| ആകെ | 28,18,000 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

--ഇല്ല--

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--ഇല്ല--

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| വി.ലതികാ ദേവി, സെക്രട്ടറി | സെക്രട്ടറി, കോടന്തുരുത്ത് ഗ്രാമ പഞ്ചായത്ത് | വരദക്ഷിണ<br>വയലാർ.പി.ഒ<br>ചേർത്തല |
| റേച്ചൽ ബഞ്ചമിൻ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, കോടന്തുരുത്ത് ഗ്രാമ പഞ്ചായത്ത് | ബഥേൽ, അരൂർ.പി.ഒ<br>ആലപ്പുഴ |
| ശിവൻകുട്ടി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, വാഴൂർ ബ്ലോക്ക്, കോട്ടയം | കിളളിക്കാട്ട് ഹൗസ്,<br>എസ്.എൽ.പുരം |
| സുരേഷ്.കെ.എസ്, മെഡിക്കൽ ഓഫീസർ ഹോമിയോ | മെഡിക്കൽ ഓഫീസർ, ഹോമിയോ, കോടന്തുരുത്ത്. | ദേവികൃപ<br>എസ്.എൻ.പുരം.പി.ഒ<br>ചേർത്തല |
| ഡോ.രഞ്ജിത്ത് മോനായി, മെഡിക്കൽ ഓഫീസർ, | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, കുത്തിയതോട് | രഞ്ജിത്ത് ഭവനം<br>വെച്ചൂർ.പി.ഒ |

| | | |
|---|---|---|
| പി.എച്ച്.സി | | കോട്ടയം |
| സാംസൺ.എസ്, വി.ഇ.ഒ | വി.ഇ.ഒ, കുത്തിയതോട് | സാം നിവാസ്<br>കടക്കരപ്പള്ളി.പി.ഒ<br>ആലപ്പുഴ |
| റോസമ്മ, പ്രധാനാദ്ധ്യാപിക | പ്രധാനാദ്ധ്യാപിക, ചങ്ങരം<br>എൽ.പി.എസ് | കടവിൽ പറമ്പിൽ<br>തുറവൂർ.പി.ഒ<br>ആലപ്പുഴ |
| സീന.റ്റി.എക്സ്,<br>വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ<br>വെറ്ററിനറി ഹോസ്പിറ്റൽ<br>കോടന്തുരുത്ത് | ആലത്തറ ഹൗസ്<br>എഴുപുന്ന സൗത്ത്.പി.ഒ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും<br>ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 2006-07 | എൽ.എഫ്.ജി.എ5-1577/2013/6.05.2014 |
| 2007-08 | എൽ.എഫ്.ജി.എ5-1577/2013/12.05.2014 |
| 2008-09 | എൽ.എഫ്.ജി.എ5-1577/2013/07.05.2014 |
| 2009-10 | എൽ.എഫ്.ജി.എ5-1577/2013/20.05.2014 |
| 2010-11 | എൽ.എഫ്.എപി.8-821/2012/05.11.12/31.12.12 |
| 2011-12 & 2012-13 | എൽ.എഫ്.എപി.8-192/2014/26.06.14/03.07.14 |
| 2013-14 | കെ.എസ്.എ.എ.എൽ.പി.പി11-1620/15/17.12.15/31.12.15 |
| 2014-15 | കെ.എസ്.എ.എ.എൽ.പി.പി12-831/16/29.07.16 |
| 2015-16 | നം.കെ.എസ്.എ-എ.എൽ.പി-പി12-1252/16 തീ.16.12.2016 |

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.-എ.എൽ.പി /പി.12-725/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് ഓഫീസ്,ആലപ്പുഴ
തീയതി:20.06.2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്,ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാന്റേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ കോടന്തുരുത്ത് ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഖണ്ഡിക 4-1 ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കോടന്തുരുത്ത് ഗ്രാമ പഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ

KSA-ALP-P12/725/2017

Kerala State Audit Department,
District Audit Office, Alappuzha,
Ph : 0477-2252753
E-mail : ddhglfalpy@gmail.com
Date:20.06.2017

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Kodamthuruth Grama panchayat in Alappuzha district for the year ended on 31.3.2017 in accordance with Section 4 of Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the rules made there under and the guidelines issued by Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Kodamthuruth Grama panchayat for the year 2016-17 except the observations in Para 4-1 of my audit report properly presents the picture of income and expenditure.

Deputy Director
Kerala State Audit Department
District Audit Office, Alappuzha